LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. മാവേലിക്കര ഡിപ്പോയിൽ പുതിയ ഓഫീസ്

255(1240) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ ഓഫീസ് കെട്ടിടത്തിനായി എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. G.O.(Rt.) No. 74/2016/Trans, 16-2-2016 പ്രകാരം മുൻ എം.എൽ.എ. ശ്രീ. ആർ. രാജേഷിന്റെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽനിന്നും ഒരു കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ടി തുകയിൽനിന്നും ഇതുവരെ ചെയ്ത പ്രവൃത്തിയുടെ ബിൽ തുകയായ 4,93,314 രൂപ കരാറുകാരന് കൊടുക്കാൻ G.O.(Rt.) No: 191/2021/Trans, 16-6-2021 പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. പേമെന്റ് അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആസ്തിവികസന ഫണ്ടിൽനിന്നും അനുവദിച്ച ഒരു കോടി രൂപ വിനിയോഗിച്ച് മാവേലിക്കര ഡിപ്പോയിൽ ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. 1-6-2016-ൽ ആവശ്യമായ രേഖകൾ എല്ലാം ഉൾപ്പെടുത്തി ബിൽഡിംഗ് പെർമിറ്റിനായി അപേക്ഷ മുനിസിപ്പാലിറ്റിയിൽ സമർപ്പിക്കുകയുണ്ടായി. നിർമ്മാണ പ്രവൃത്തികൾ ഉടൻ തുടങ്ങാനും ഉടൻ തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം എന്നും ശ്രീ. ആർ. രാജേഷ് എം.എൽ.എ. നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 21-6-2016-ൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. പ്രവൃത്തി നടന്നുവരവെ മുനിസിപ്പാലിറ്റിയിൽ നിന്നും സ്റ്റോപ്പ് മെമ്മോ ലഭിച്ചതിനെ തുടർന്ന് 1-7-2016 മുതൽ നിർമ്മാണ പ്രവർത്തനം നിർത്തിവെയ്ക്കേണ്ട സാഹചര്യം ഉണ്ടായി. പിന്നീട് പല തവണ പെർമിറ്റ് അനുവദിച്ച് നല്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി കത്ത് സമർപ്പിക്കുകയും ബഹു. മനുഷ്യാവകാശ കമ്മിഷന്റെ ഉത്തരവ് അനുസരിച്ച് ആലപ്പുഴ ജില്ലാ കളക്ടർ ഈ പ്രശ്നത്തിൽ ഇടപെടുകയും ചെയ്തെങ്കിലും മാവേലിക്കര മുനിസിപ്പാലിറ്റി നാളിതുവരെ പെർമിറ്റ് അനുവദിച്ച് നൽകിയിട്ടില്ല. തുടർന്ന് കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് അവിടെ ചെയ്ത പ്രവൃത്തികളുടെ

LIBRARY ARCHIVES Kerala Legislative Assembly

കരാർ ഉക നൽകി കരാറുകാരനെ ടി പ്രവൃത്തിയിൽനിന്നും ഒഴിവാക്കി ഉത്തരവാകുകയുണ്ടായി. മുനിസിപ്പാലിറ്റിയിൽനിന്ന് നിർമ്മാണാനുമതി ലഭിച്ചാൽ തന്നെ ഡിപ്പോ കെട്ടിടത്തിന്റെ ബാക്കി ചെയ്യേണ്ട പ്രവൃത്തികൾക്ക് വേണ്ടി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി വാങ്ങി ടെണ്ടർ ക്ഷണിക്കേണ്ടതായിട്ടുണ്ട്.

വിഴിഞ്ഞം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നവീകരണം

256(1241) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മണ്ഡലത്തിലെ വിഴിഞ്ഞം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ സമഗ്രമായ നവീകരണത്തിന്റെ ഭാഗമായി ബഹുനിലമന്ദിരം, കാത്തിരിപ്പ് കേന്ദ്രം, വനിതകൾക്കുള്ള വിശ്രമ മുറി, ജലലഭ്യതയ്ക്ക് പുതിയ കിണർ, റാമ്പ് ഉൾപ്പെടെ ടാർ ചെയ്ത ബസ് പാർക്കിംഗ് സൗകര്യം എന്നിവ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലത്തെ സാമ്പത്തിക പ്രതിസന്ധിമൂലം തനത് ഫണ്ടിൽ ഉൾപ്പെടുത്തി പണി ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാരിൽനിന്നോ, KIIFB മുഖാന്തരമോ, എം.എൽ.എ. ഫണ്ടിൽനിന്നോ ഫണ്ട് ലഭിയ്ക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതാണ്. വിഴിഞ്ഞത്ത് ആധുനിക രീതിയിലുള്ള ബസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കൺസൾട്ടന്റിനെ ചുമതലപ്പെടുത്തുന്നതാണ്.

കോഴിക്കോട് കെ.എസ്.ആർ.ടി.സി. കോംപ്ലക്സ്

257(1242) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടെ കെ.എസ്.ആർ.ടി.സി. കോംപ്ലക്സ് ആലിഫ് ബിൽഡേഴ്സിന് മുപ്പത് വർഷത്തേയ്ക്ക് ലീസിന് നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്. G.O. (MS) No. 8/2021/TRANS, 19-2-2021 എന്ന സർക്കാർ ഉത്തരവുപ്രകാരം തീരുമാനിച്ചിട്ടുണ്ട്.